ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID&EW)
അഞ്ചാംനില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം - 03

ഫോൺ: 0471-2324951
0471-2325071
ടെലി ഫാക്സ് – 0471-2324951
ഇമെയിൽ -celsgd@gmail.com
വെബ് സൈറ്റ് www.celsgd.kerala.gov.in

നം: ഡിബി4/8614/CMLRRP/20/സിഇ/തസ്വഭവ

തീയതി. 11/05/2022

## സർക്കുലർ

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) CMLRRP – ജില്ലാതല സാങ്കേതിക സമിതിയിലെ വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കരാറുടമ്പടി ഉറപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) ജി.ഒ (ആർ.റ്റി) നം. 2149/2021/തസ്വഭവ തീയതി 30/10/2021
2) ഈ കാര്യാലയത്തിലെ 02/02/2022 ലെ ഇതേ നം. സർക്കുലർ

മേൽ വിഷയത്തിലേക്കും, സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. CMLRRP പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ജില്ലാതലത്തിൽ നടത്തുന്നതിനായി രൂപീകരിച്ച ജില്ലാതല സാങ്കേതിക സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് സൈറ്റ് ഇൻസ്പെക്ഷനുള്ള ഹോണറേറിയം, യാത്രാബത്ത എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ഹോണറേറിയം, യാത്രാബത്ത എന്നിവയുടെ തുക അനുവദിക്കുന്നതിനായി ജില്ലകളിൽ നിന്നും സമർപ്പിച്ച ബിൽ പരിശോധിച്ചതിൽ നിന്നും വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ കരാറുറപ്പിക്കാതെയാണ് നാളിതുവരെ പ്രവർത്തിച്ചു വരുന്നതെന്ന് മനസ്സിലാകുന്നു. സൂചന (1) ഉത്തരവ് പ്രകാരം കരാർ നിയമന വ്യവസ്ഥയിൽ വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ നിയമിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ജില്ലാതല സാങ്കേതിക സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുമായി കരാറുറപ്പിച്ച് ബോധ്യപ്പെട്ട ശേഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റ്റി.എ ബിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

gk